**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **03-02-2026 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക തസ്തിക നിർണയ നിയമന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2025 ഒക്ടോബർ 1-ന് പൂർത്തിയാക്കേണ്ട സർക്കാർ ഹൈസ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണയ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിൽ വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക നിർണ്ണയ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | 2025-26 അധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണയം പൂർത്തിയായിട്ടുണ്ട്. 6-ാമത്തെ പ്രവൃത്തി ദിവസം റോളിലുള്ള, EID ലഭ്യമായതും എന്നാൽ 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ കൂടി തീരുമാനം കൊണ്ട് അധിക തസ്തികകൾ അനുവദിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ അധിക തസ്തികകൾ അനുവദിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചട്ടപ്രകാരമുള്ള പരിശോധനകളും നടത്തേണ്ടതുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി അധിക തസ്തികകൾ താമസംവിനാ അനു വദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2026 ജൂൺ-ജൂലൈ മാസങ്ങളിലായി കാലാവധി അവസാനിക്കുന്ന വിവിധ ജില്ലകളിലെ ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾക്ക് പരമാവധി ഒഴിവുകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് നിശ്ചിത ശതമാനം ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകരുടെ ഹയർ സെക്കണ്ടറിയിലേക്കുള്ള തസ്തിക മാറ്റ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകരുടെ ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമന ത്തിന് കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി പുറപ്പെടുവച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുനിർദേശം നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ സർവീസിലുള്ള അദ്ധ്യാപകർക്കായുള്ള കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വിജ്ഞാപനം വൈകുന്നത് അദ്ധ്യാപകരുടെ തസ്തിക മാറ്റം, പ്രൊമോഷൻ എന്നിവയെ പ്രതികൂലമായി ബാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷം വരെ നിയമനം ലഭിച്ച അധ്യാപകർക്കും, ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതാത് കാറ്റഗറിയിലുള്ള K-TET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത്, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ